**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3222** **26-06-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെയുള്ള തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റ് നടപടികൾ പൂർത്തിയായോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിക്കുന്ന ഘട്ടത്തിൽ കല്യാശ്ശേരി മണ്ഡലത്തിലെ ഭാഗങ്ങൾ NHAI യുടെ അഴീക്കൽ പോർട്ട് കണക്ടിവിറ്റി പദ്ധതിയിൽ പരിഗണിച്ചിരുന്നു. എന്നാൽ പോർട്ട് കണക്ടിവിറ്റി പദ്ധതിയുടെ അലൈൻമെന്റിൽ ഈ ഭാഗം വരില്ല എന്ന് ഉറപ്പായ സാഹചര്യത്തിൽ പ്രസ്തുത റീച്ചിന്റെ അലൈൻമെന്റ് തയ്യാറാക്കുന്നതിന് NATPAC നെ ചുമതലപ്പെടുത്തുകയും നിലവിൽ പ്രസ്തുത റീച്ചിന്റെ അലൈൻമെന്റ് തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. കിഫ്ബിയിൽ നിന്നും സ്ഥലമേറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതി ലഭിക്കുന്നതിനായി തയ്യാറാക്കിയ അലൈൻമെന്റ് പ്ലാനോടൊപ്പം LA പ്ലാനും കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ